# വചന വിചിന്തനം : ഫെബ്രുവരി 22 ഞായർ, 2009

**മത്താ. 4 : 1–11**

നോമ്പുകാലത്തിന്റെ പ്രാരംഭധ്യാനമാണ് മരുഭൂമിയിൽ പ്രലോഭിതനാകുന്ന ഈശോ. പരീക്ഷിക്കപ്പെടുന്നതിനായി ക്രിസ്തു ആത്മാവിനാൽ മരുഭൂമിയിലേയ്ക്ക് നയിക്കപ്പെട്ടു എന്ന സുചനയോടെയാണ് സുവിശേഷം ആരംഭിക്കുന്നത്. ഇത് വിചിത്രവും വിസ്മയകരവുമായ ഒരു പ്രഖ്യാപനമാണ്. എന്തുകൊണ്ടാകാം ഇത്?

പ്രലോഭനം വിവരിക്കുന്ന സുവിശേഷകരെല്ലാം ഈശോയുടെ മാമ്മോദീസായും പ്രലോഭനവും ഒരുമിച്ചാണ് വിവരിക്കുന്നത്. മാമ്മോദീസായിലൂടെ ഈശോ ദൈവപുത്രനാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. Rom 8,14 അനുസരിച്ച് ദൈവമക്കളെല്ലാം ദൈവത്താൽ നയിക്കപ്പെടുന്നവരാണ്. ദൈവപുത്രനായ ക്രിസ്തു ദൈവാത്മാവിനാൽ നയിക്കപ്പെടുന്നു എന്ന പ്രഖ്യാപനമാണ് സുവിശേഷത്തിന്റേത്.

**പ്രലോഭനത്തിന്റെ ഇടം സുവിശേഷത്തിൽ**

പ്രലോഭനത്തിന്റെ വേദി മരുഭൂമിയാണ്. നോബൽ സമ്മാനജേതാവായ ഷുസെ സരമാഗോയുടെ നോവലിൽ- The Gospel according to Jesus Christ -ൽ യേശു പ്രലോഭിതനാകുന്നത് ഗലീലിക്കടലിന്റെ ഓളപ്പരപ്പുകളിലാണ്. നാല്പതുരാവും നാല്പതുപകലും കടലിനെ മൂടുന്ന മൂടൽമഞ്ഞിൽ ക്രിസ്തു വഞ്ചിയിലലഞ്ഞുനടക്കുമ്പോൾ പിശാച് കടലിൽ നിന്നും നീന്തി വള്ളത്തിൽ കയറി ക്രിസ്തുവിനഭിമുഖമായി ഇരുന്നു പ്രലോഭനങ്ങളുടെ വിരുന്നു വിളമ്പുന്നു.

പ്രലോഭനം നടന്ന ഇടം മരുഭൂമിയെന്ന് സുവിശേഷങ്ങൾ ആവർത്തിക്കുന്നത് ക്രിസ്തുവിനേയും ഇസ്രായേലിനെയും താരതമ്യപ്പെടുത്താൻ വേണ്ടിയാണ്. യേശു ദൈവപുത്രനെന്ന് പ്രഖ്യപിക്കുന്ന പിതാവും (Mt.3,17) എന്റെ ആദ്യജാതനാണ് ഇസ്രായേൽ എന്നും അവനെ ഞാൻ ഈജിപ്തിൽനിന്നും പുറത്തുകൊണ്ടുവന്നു എന്നും പ്രഖ്യാപിക്കുന്ന ദൈവവും (Ex.4,22 –23) ഈ പ്രമേയത്തെ നമുക്ക് വ്യക്തമാക്കിത്തരുന്നു. ഇസ്രയേൽ ഈജിപ്തിനുപുറത്ത് മരുഭൂമിയിൽ പ്രലോഭനങ്ങളിൽ ഇടറിവിണു. എന്നാൽ പുതിയ ഇസ്രായേലായ ക്രിസ്തുവാകട്ടെ മരുഭുമിയിൽ പിശാചിനെ- പ്രലോഭകനെ- പരാജയപ്പെടുത്തുന്നു.

ഇസ്രായേലിനെപ്പോലെ, ഓരോ ക്രിസ്ത്യാനിയും പാപത്തിന്റെ ആധിപത്യത്തിൽനിന്നും മാമ്മോദീസായിലൂടെ വിമോചിതനായി, മരുഭൂമിയിലൂടെ- ലോകജീവിതത്തിലൂടെ- നയിക്കപ്പെട്ട് പ്രലോഭനങ്ങളെ ജയിച്ച് സ്വർഗ്ഗമാകുന്ന നിത്യഗേഹത്തിലേക്ക് ക്രിസ്തുവിനെപ്പോലെ പ്രവേശിക്കേണ്ടവനാണ് എന്ന് സുവിശേഷം ഓർമ്മപ്പെടുത്തുന്നു. ക്രിസ്തു, ദൈവപുത്രനെന്നനിലയിൽ ക്രിസ്ത്യാനിയുടെ ഈ അനുഭവത്തിന്റെ ആദിരൂപമാണ് (Prototype) ക്രിസ്തുവിനും ക്രിസ്ത്യാനിക്കും മാമ്മോദീസ എന്നത് ദൈവപുത്രസ്ഥാനത്തിന്റെ പ്രഖ്യാപനമാണ്. പ്രലോഭനം നിറഞ്ഞ മനുഷ്യജീവിതമാകട്ടെ, താൻ ദൈവത്തിന്റെ പുത്രനാണെന്ന് തെളിയിക്കാനുള്ള അവസരവും.''പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതുതന്നെ'' എന്ന വചനത്തിന്റെ സന്ദേശവും ഇതുതന്നെ.

**പ്രലോഭന സമയം**

ക്രസ്തുവിന്റെ ദൈവാനുഭവത്തിന്റെ അത്യുന്നത മുഹൂർത്തത്തെ തുടർന്നാണ് പ്രലോഭകൻ ക്രിസ്തുവിനെ സമിപിക്കുന്നത്. ആത്മീയാനുഭവങ്ങളുടെ ഉന്നതാനുഭവങ്ങൾക്കുശേഷം

സ്വാഭാവികമായും അനുഭവപ്പെടാനിടയുള്ള ആത്മീയമായ മന്ദതയുടെയും ലാഘവബോധത്തിന്റെയുമൊക്ക ഇടവേളകളിലാകാം പ്രലോഭകന്റെ ഏറ്റവും കടുത്ത ഏറ്റുമുട്ടൽ എന്ന് ക്രിസ്തുവിന്റെ പ്രലോഭനസമയം നമ്മെ ഓർമ്മിപ്പിക്കുന്നു. ആത്മീയാനുഭവങ്ങളും ആത്മീയസന്തോഷങ്ങളുമുണ്ടാകുമ്പോൾ നാം കൂടുതൽ ജാഗ്രതപുലർത്തണമെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

**പ്രലോഭനം ആന്തരികം**

പ്രലോഭനങ്ങൾ ആന്തരികമാണ്. ക്രിസ്തു നേരിട്ടത് ആന്തരികമായ പ്രലോഭനങ്ങളാണ്. ലോകമെങ്ങും കാണാവുന്ന തരത്തിൽ ഉയരമുള്ള മലകളൊന്നും പലസ്തീനായിലില്ലല്ലോ. ആന്തരിയ ചോദനങ്ങൾ, ചിന്തകൾ, വികാരവിചാരങ്ങൾ- ഇവയിലാണ് സാത്താൻ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

**പ്രലോഭനങ്ങൾ വീണ്ടും വരാം**

പ്രലോഭകനെ മരുഭൂമിയിൽവച്ച് ക്രിസ്തു ജയിച്ചു എന്നതുകൊണ്ടാണ് പ്രലോഭകൻ നിത്യമായും ക്രിസ്തുവിനെ വിട്ടുപോയി എന്നർത്ഥമില്ല. കുരിശിലേയ്ക്കുള്ള ക്രിസ്തുവിന്റെ യാത്രയിൽഉടനീളം ക്രിസ്തുവിനെ പിന്തിരിക്കാൻ പിശാച് കൂടെ കൂടെ ശ്രമിക്കുന്നുണ്ട്. നിനക്ക് ഇതൊരിക്കലും സംഭവിക്കാതിരിക്കട്ടെ എന്ന പത്രോസിന്റെ വാക്കിലൂടെയും വിയർപ്പു രക്തമാകുന്ന ഗദ്സമെൻ പീഡനപർവ്വതങ്ങളിലും കുരിശിൻചുവട്ടിലെ പരിഹാസകരിലുമെല്ലാം പ്രലോഭകൻരെ മണമുണ്ട്. പാപവും പാപസാഹചര്യങ്ങളുമായും ഒരു നല്ല മനുഷ്യൻ നിരന്തരയുദ്ധത്തിലായിരിക്കണം. നിതാന്തജാഗ്രതയോടെ പിശാചിന്റെ പ്രലോഭനത്തെ നേരിടുന്നവർക്ക് ദൈവദൂതൻമാരുടെ സ്വാന്തനവും കരുതലും ലഭിക്കും.

**കഴിവുകളും സിദ്ധികളും പ്രലോഭനത്തിനു കാരണമാകാം**

അത്ഭുതം പ്രവർത്തിക്കാനുള്ള ക്രിസ്തുവിന്റെ കഴിവിനെ താൻപോരിമയുടെയും സ്വാർത്ഥതയുടെയും ഗൂഢലാഭങ്ങളുടെയും പൂർത്തീകരണത്തിനായിപ്രയോഗിക്കാൻ ക്രിസ്തു പ്രേരിതനായി. ഇത് മനുഷ്യജീവിതാനുഭവമാണ്. ഏതു മേഖലയിലും മനുഷ്യനെ ഈ പ്രലോഭനം കാത്തിരിപ്പുണ്ട്.

ആത്മീയവരങ്ങളുള്ളവർ- പ്രലോഭങ്ങൾക്കു കീഴ്പ്പെട്ട് ക്രിസ്തുവിനെ നഷ്ടപ്പെടുത്തിയ ചരിത്രം നമുക്കറിയാം. സുപ്രസിദ്ധമായ വചനപ്രഘോഷകർ, ദേവസ്യമുല്ലക്കര, സഭാനേതാക്കൾ ജോൺതട്ടുങ്കൽ, ഫാ.നടയ്ക്കൽ.

സാമൂഹ്യ സാംസ്കാരികമേഖലകളിലുള്ളവർ ഈ പ്രലോഭനത്തിന് വേഗം വശംവദരാകുന്നു. പണവും വേദിയും കൊടുക്കുന്നവർക്കുവേണ്ടി വാക്കും വ്യക്തിത്വവും പണയം വച്ച് നുണകളും അപമാനങ്ങളും അധാർമ്മികതയും പ്രഘോഷിക്കുന്നു പ്രലോഭനത്തിൽ വീണവർ: eg: സുകുമാർ അഴീക്കോട്, ജസ്റ്റിസ് V.R. കൃഷ്ണയ്യരും കുടുംബക്ഷേമബില്ലും; KEN കുഞ്ഞുമുഹമ്മദും വായ്മൊഴിവഴക്കവും കുരങ്ങൻ പ്രയോഗവും.

<u>പിൻവിളി:</u>

ബഹു. അച്ചന്മാരോട് : മുസലി പവർ എക്സ്ട്രായും, വയാഗ്രയും കഴിച്ച് 'why Iam not tempted enough' എന്നു ആക്രോശിക്കന്നവരോടാണ് ഈ സുവിശേഷം നാം പ്രസംഗിക്കുന്നത്!

**ഫാ. മാത്യു അരിപ്ലാക്കൽ.**